**Rs. 10/-**

**Keraleeyam**
2009 November

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 21/11/2009

വീണ്ടും വായനയ്ക്ക്

# 'പട്ടാളത്തെ' നേരിടാൻ ഭോപ്പാൽ ദുരന്തത്തിനിടയാക്കിയ കീടനാശിനി

പി. എം. ജയൻ

തൃശൂരിലെ അയ്യന്തോൾ പുല്ലഴി കോൾപ്പാടശേഖരത്തിൽ നെൽച്ചെടികൾ തിന്നു നശിപ്പിക്കുന്ന പട്ടാളപ്പുഴു രൂക്ഷമായതോടെ അതിനെ നേരിടാൻ കാർഷികസർവകലാശാലയുടെ നേതൃത്വത്തിൽ കീടനാശിനി പ്രയോഗം തുടങ്ങി. കോർപ്പറേറ്റ് കമ്പനിയായ ബെയർ ഉത്പ്പാദിപ്പിക്കുന്ന സെവിൻ എന്ന കീടനാശിനിയാണ് പാടത്ത് വ്യാപകമായി തളിച്ചുതുടങ്ങിയത്. സർക്കാർ അംഗീകരിച്ച കീടനാശിനിയാണെങ്കിലും മുമ്പ് ഭോപ്പാൽ ദുരന്തത്തിന് കാരണമായ കെമിക്കലാണ് സെവിൻ എന്നത് കീടനാശിനിയുടെ അപകടസാധ്യതയാണ് വിളിച്ചോതുന്നത്. വൻ തോതിൽ സെവിൻ ഉത്പ്പാദിപ്പിക്കുന്നതിനിടയിലാണ് ഭോപ്പാലിൽ വാതകചോർച്ച ഉണ്ടായി നിരവധി പേർ മരിച്ചതും ഇപ്പോഴും അംഗവൈകല്യം ബാധിച്ച് നിരവധി പേർ ജീവച്ഛവമായി കിടക്കുന്നതും. നവംബർ 18 രാവിലെ മുതൽ 15 പേരടങ്ങുന്ന കാർഷിക പട്ടാളമെന്ന് വിളിക്കാവുന്ന സംഘമാണ് കീടനാശിനി അടിക്കാനായി പാടത്തെത്തിയത്. ശരീരത്തിന് ഏറെ ഹാനികരമായതിനാൽ മാസ്ക്ക് ധരിച്ചാണ് വെള്ളത്തിൽ കലക്കിയ കീടനാശിനി ഇവർ സ്പ്രെ ചെയ്യുന്നത്. ഒരേക്കറിൽ 400 ഗ്രാം കീടനാശിനിയെന്ന നിലയിലാണ് ഇത് പ്രയോഗിക്കുന്നത്. ഇവിടെയുള്ള 750 ഏക്കറോളം നെൽപാടത്താണ് പുഴുവിന്റെ ശല്യമുള്ളത്. അതിനനുസരിച്ച് നിരവധി പാക്കറ്റ് കീടനാശിനിയുമായാണ് അധികൃതർ പാടത്ത് എത്തിയത്. കീടനാശിനി പ്രയോഗം നീണ്ടുനിൽക്കുമെന്നാണ് ഇവർ അറിയിച്ചത്. സെവിൻ എന്ന കീടനാശിനി ഉപയോഗിക്കുന്നതുകൊണ്ട് മറ്റു പാർശ്വഫലങ്ങളൊന്നുമുണ്ടാകില്ലെന്നാണ് ബന്ധപ്പെട്ട കാർഷിക സർവകലാശാല ഉദ്യോഗസ്ഥർ പറഞ്ഞത്. കീടനാശിനികൾ എല്ലാം അപകടകാരികളാണെങ്കിലും




മാരകവിഷമായ സെവിന്റെ പാക്കറ്റ് പാടത്ത് ഉപയോഗിച്ച ശേഷം ഉപേക്ഷിച്ചനിലയിൽ. സമീപം കീടനാശിനി പ്രയോഗംമൂലം ചത്ത ഞണ്ടുകളേയും, ഒച്ചിനേയും കാണാം.

താരതമ്യേന ഉപദ്രവകാരിയല്ല സെവിൻ എന്നും ഇവർ സമ്മതിക്കുന്നു. എന്നാൽ വലിയ ഒഴുക്ക് അനുഭവപ്പെടാത്ത കോൾപ്പാടങ്ങളിൽ ഇത്തരം കീടനാശിനി വ്യാപകമായി ഉപയോഗിക്കുന്നത് പരിസ്ഥിതിക്കും മണ്ണിനും ദൂരവ്യാപകമായി ഏറെ പ്രത്യാഘാതമുണ്ടാക്കുമെന്നാണ് എൻഡോസൾഫാൻ ഉൾപ്പെടെയുള്ള വിഷയത്തിൽ സജീവമായി ഇടപെട്ട പരിസ്ഥിതി പ്രവർത്തക ഉഷ പറയുന്നത്. ഭോപ്പാലിൽ വൻദുരുന്തമുണ്ടായിട്ടും നമ്മുടെ നാട്ടിൽ ഈ മരുന്ന് നിരോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നതുതന്നെ കീടനാശിനി നിർമാതാക്കളുടെ സ്വാധീനത്തിന്റെ വലുപ്പമാണ് കാണിക്കുന്നതെന്നും ഇവർ പറയുന്നു.

നവംബർ 15 മുതലാണ് ഇവിടെ വൻതോതിൽ പുഴുക്കളുടെ ശല്യം കണ്ടുതുടങ്ങിയത്. വിത കഴിഞ്ഞ 30,40 ദിവസം പിന്നിട്ട നെൽചെടികൾ പുഴുതിന്നുകൊണ്ടിരിക്കുന്നതാണ് കർഷകർ കണ്ടത്. ചില ശാസ്ത്രസംഘം സ്ഥലത്തെത്തിയശേഷവും ജില്ലാകലക്ടർ എത്തിയതിൽപിന്നെയുമാണ് കീടനാശിനി പ്രയോഗം ഊർജിതമാക്കാൻ നിർദ്ദേശം നൽകിയത്.

എന്നാൽ പുഴുക്കളുടെ ശല്യം വന്നതുമുതൽ വൻ തോതിൽ കൊറ്റികൾ പാടത്തെത്തി പുഴുക്കളെ പിടിക്കുന്ന പ്രവണത ഇവിടെ കണ്ടത് പ്രകൃതി സ്നേഹികളെയും ചില കർഷകരെയും ആഹ്ലാദിപ്പിച്ചിരുന്നു. അതിനിടയിലാണ് സർക്കാർ നീക്കമെന്ന നിലയിൽ കീടനാശിനി അടിക്കാൻ കർഷകരെ നിർബന്ധിപ്പിച്ചത്. കർഷകരിൽ ചിലർ സ്വന്തം ചിലവിൽ കീടനാശിനി തളിക്കുന്നിതിനു പിന്നാലെയാണ് കാർഷികസർവകലാശാലാ സംഘവും രംഗത്തെത്തിയത്. പുഴുശല്യമുണ്ടായ മുഴുവൻ കർഷകരും കീടനാശിനി പ്രയോഗം നടത്തേണ്ടതാണെന്ന പ്രത്യേക ഫ്ളക്സ് ബോർഡും കോൾപാടത്തിലേക്ക് പ്രവേശിക്കുന്ന വരമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. കൊറ്റികളും മറ്റും തിന്നുകൊണ്ടിരിക്കുന്ന ഇത്തരം പുഴുക്കളെ ഹാനികരമല്ലാത്ത മരുന്നുകളോ മാർഗങ്ങളോ ഉപയോഗിച്ച് നശിപ്പിക്കുന്നതിനു പകരം മാരകവിഷമായ സെവിൻ ഉപയോഗിക്കുന്നതിനെതിരെ വലിയ പ്രതിഷേധമൊന്നും കർഷകരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കീടനാശിനിയെക്കുറിച്ച് ഇതുവരെ വേണ്ടത്ര അറിവില്ലാത്തതിനാലാണ് ഇത്തരത്തിൽ കർഷകർ മൗനം പാലിക്കുന്നതെന്നാണ് പ്രകൃതിസ്നേഹികൾ പറയുന്നത്.

*(സിറാജ് ദിനപത്രം 18-11-2009)*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com